# هذه دعوتنا وعقيدتنا

**الإمام العلامة مجدد الديار اليمنية أبو عبد الرحمن مقبل بن هادي الوادعي الهمداني رحمه الله**

# ഇതാണ് നമ്മുടെ അഖീദയും ദഅ്‌വത്തും

**(അൽ ഇമാം അൽ അല്ലാമാ അൽ മുജദ്ദിദ് അബൂ അബ്ദുർറഹ്മാൻ മുഖ്ബിൽ ഇബ്നു ഹാദീ അൽ വാദിഈ رحمه الله)**

മലയാള വിവർത്തനം:
അബൂമുഹമ്മദ് സാജിദ് ബ്നുഷരീഫ്

ألحمد لله رب العالمين

والصلاة والسلام على رسوله الكريم وعلى آله وأصحابه أجمعين

أما بعد:

الإمام العلامة مجدد الديار اليمنية أبو عبد الرحمن مقبل بن هادي الوادعي الهمداني رحمه الله

**(അൽ ഇമാം അൽ അല്ലാമാ അൽ മുജദ്ദിദ് അബൂ അബ്ദുർറഹ്മാൻ മുഖ്ബിൽ ഇബ്നു ഹാദീ അൽ വാദിഈ رحمه الله)** തന്റെ **المخرج من الفتنة** എന്ന ഗ്രന്ഥത്തിൽ ദലീലുകൾ സഹിതം വിശദീകരിച്ച അഹ്ലുസുന്നതിന്റെ അടിസ്ഥാന തത്വങ്ങൾ ചുരുങ്ങിയ വാക്കുകളിൽ അദ്ദേഹം തന്നെ തയാറാക്കിയതിന്റെ മലയാള വിവർത്തനമാണ് ഈ പേജുകളിലുള്ളത്.

شيخ مقبل رحمه الله യുടെ കിതാബുകൾക്കും ദർസ്കൾക്കും :

www.muqbel.net

ശൈഖിന്റെ ശിഷ്യനും **دار الحديث دماج** ലെ അവിടുത്തെ പിൻഗാമിയുമായ **شيخ يحيى الحجوري حفظه الله** യുടെ വെബ്സൈറ്റ്:

www.sh-yahiya.net

ദമ്മാജിൽ നിന്നുള്ള ദർസ്കൾക്കും കിതാബുകൾക്കും:

www.aloloom.net,www.aloloomenglish.net

**- അബൂമുഹമ്മദ് സാജിദ് ഇബ്നുഷരീഫ്**

sajidibnushareef@gmail.com

Mob:00918943984946

# ശൈഖ് رحمه الله പറയുന്നു:

- നാം അല്ലാഹു വിലും അവന്റെ നാമഗുണങ്ങളിലും ദുർവ്യാഖ്യാനമോ തിരുത്തലോ ഉപമിക്കലോ ഒന്നും നടത്താതെ ഖുർആനിലും സുന്നത്തിലും വന്നത് പോലെ വിശ്വസിക്കുന്നു.
- മരിച്ചു പോയവരെ വിളിക്കലും സഹായം തേടലും അതുപോലെ ജീവനുള്ളവരെ അവർക്ക് കഴിയാത്ത കാര്യങ്ങളിൽ സഹായം തേടലും ശിർക്ക്-അല്ലാഹുവിൽ പങ്ക് ചേർക്കൽ- ആണെന്ന് നാം വിശ്വസിക്കുന്നു.
- അതുപോലെത്തന്നെ ഏലസ്സുകളും തകിടുകളും അല്ലാഹുവിനു പകരമോ അവന്റെ കൂടെയോ സഹായിക്കുമെന്ന് വിശ്വസിക്കുന്നതും ശിർക്ക് ആണ്.വിശ്വാസമില്ലാതെ അതു കൊണ്ട് നടക്കൽ ഖുറാഫാത്ത്-അന്ധവിശ്വാസം- ആണ്.
- നാം ഖുർആനിന്റെയും സുന്നത്തിന്റെയും ബാഹ്യമായ അർഥങ്ങളെ സ്വീകരിക്കുന്നു.കിതാബിൽ നിന്നും സുന്നത്തിൽ നിന്നും തെളിവുള്ള ഭാഗങ്ങൾ മാത്രം തെളിവുള്ള രീതിയിൽ വ്യാഖ്യാനിക്കും.
- ആഖിറത്തിൽ മുഅമിനീങ്ങൾ തങ്ങളുടെ റബ്ബിനെ കാണുമെന്ന് നാം വിശ്വസിക്കുന്നു.അതിനു നാം രൂപം പറയുന്നില്ല.നാം ശഫാഅത്തിലും മുവഹ്ഹിദീങ്ങൾ നരകത്തിൽ നിന്ന് രക്ഷപ്പെടുന്നതിലും വിശ്വസിക്കുന്നു.
- നാം റസൂലിന്റെ സ്വഹാബത്തിനെയെല്ലാം സ്നേഹിക്കുകയും അവരെ കുറ്റം പറയുന്നവരെ വെറുക്കുകയും ചെയ്യുന്നു.അവരെ ആക്ഷേപിക്കുന്നത് ദീനിനെ ആക്ഷേപിക്കുന്നതിനു തുല്യമാണെന്ന് നാം വിശ്വസിക്കുന്നു.കാരണം അവരാണ് നമുക്ക് ദീൻ എത്തിച്ചു തന്നത്.

  നാം പ്രവാചക കുടുംബത്തെ -**أهل البيت**- നെ ശർഇയ്യായ രീതിയിൽ സ്നേഹിക്കുന്നു.
- ഹദീഥ്ന്റെ ആളുകളെയും അഹ്‌ലുസ്സുന്നത്തിൽ പെട്ട എല്ലാ പൂർവികരെയും നാം സ്നേഹിക്കുന്നു.
- 'ഇൽമുൽ കലാമിനെ' നാം വെറുക്കുകയും ഉമ്മത്തിന്റെ ഭിന്നതക്ക് കാരണമായി അതിനെ നാം കാണുകയും ചെയ്യുന്നു.
- ഫിഖ്ഹിന്റെയോ പ്രവാചക ചരിത്രത്തിന്റെയോ ഗ്രന്ഥങ്ങളിൽ ഖുർആനിനോടും സുന്നത്തിനോടും യോചിച്ചത് മാത്രമേ നാം സ്വീകരിക്കുകയുള്ളൂ. ഇതിനർത്ഥം ആ ഗ്രന്ഥങ്ങളെ നാം വലിച്ചെറിയുന്നുവെന്നല്ല, മറിച്ചു നാം പണ്ഡിതന്മാരുടെ വിശകലനങ്ങളെ മുഖവിലക്കെടുക്കുന്നു. എന്നാൽ ദലീൽ സഹിതം മാത്രമേ നാം വിധികൾ- അഹ്കാം- സ്വീകരിക്കുകയുള്ളൂ എന്ന് മാത്രം.

- നമ്മുടെ പുസ്തകങ്ങളിലും ദർസുകളിലും ഖുതുബകളിലും ഖുർആനും തെളിവിനു പറ്റിയ സുന്നത്തും മാത്രമേ ഉദ്ധരിക്കുകയുള്ളൂ. പല എഴുത്തുകാരും കള്ളക്കഥകളും ദുർബലമായ ഹദീഥ്കളും ഉദ്ധരിക്കുന്നതിനെ നാം വെറുക്കുകയും ചെയ്യുന്നു.
- അല്ലാഹുവിൽ പങ്കു ചേർക്കുകയോ,നമസ്കാരം ഉപേക്ഷിക്കുകയോ,ദീൻ വിട്ടു പോകുകയോ ചെയ്യുന്നത് വരെ ഒരു മുസ്‌ലിമിനെയും നാം കാഫിറാക്കുകയില്ല. അല്ലാഹു കാക്കട്ടെ!
- ഖുർആൻ അല്ലാഹുവിന്റെ കലാമാണെന്നും -സൃഷ്ട്ടിയല്ലെന്നും- നാം വിശ്വസിക്കുന്നു.
- ഹഖിൽ ഏതൊരു മുസ്‌ലിമിനോടും സഹകരിക്കൽ നിർബന്ധമാണെന്നു നാം വിശ്വസിക്കുന്നു. ജാഹിലിയ്യ ദഅ്‌വത്തുകളിൽ നിന്ന് നാം പിരിയുന്നു.
- മുസ്‌ലിം ഭരണാധികാരികൾക്കെതിരിൽ കലാപമുണ്ടാക്കിക്കൂടാ.കലാപങ്ങളും വിപ്ലവങ്ങളും സമൂഹത്തിൽ ഗുണമല്ല ദോഷമാണ് ഉണ്ടാക്കുക. എന്നാൽ അദനിലെ- (അദൻ- യമനിലെ ഒരു പുരാതന നഗരമാണ്: വിവ.-) ഭരണാധികാരികൾക്കെതിരിലുള്ള യുദ്ധം നാം നിർബന്ധമായി കാണുന്നു. അവർ ദൈവനിഷേധത്തിൽ നിന്നും കമ്മ്യൂണിസത്തിൽ നിന്നും മാർക്സിനെയും ലെനിനെയും ആരാധിക്കാൻ ജനങ്ങളോട് പ്രബോധനം നടത്തുന്നതിൽ നിന്നും തൌബ ചെയ്യുന്നത് വരെ.
- ഇന്ന് കാണുന്ന ഈ എണ്ണമില്ലാത്ത സംഘടനകൾ മുസ്ലിമീങ്ങളുടെ ദൌർബല്യത്തിനും ഭിന്നതക്കും കാരണമാകുന്നതായി നാം കാണുന്നു.
- ഇഖ്‌വാനുൽ മുസ്‌ലിമീന്റെ ദഅ്‌വത്ത് സാമൂഹ്യ പരിവർത്തനത്തിന് കഴിയാത്ത വിധം പരാജയപ്പെട്ടതായി നാം വിലയിരുത്തുന്നു.കാരണം അത് ആത്മീയത നഷ്ടപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനമായി മാറിയിരിക്കുന്നു.അല്ലെങ്കിൽ തന്നെ അത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്, അജ്ഞാതനായ ഒരാൾക്ക് ബൈഅത്ത് നൽകുന്നതിലും, ഫിത്നകളിലുമാണ്.
- അറിവില്ലായ്മയിൽ സ്ഥാപിക്കപ്പെടുകയും അതിൽ തന്നെ തുടരുകയും ചെയ്യുകയാണവർ.അവരുടെ കൂടെ പ്രവർത്തിക്കുന്ന മാന്യന്മാരായ സഹോദരങ്ങളോട് നമുക്ക് പറയാനുള്ളത് അതിനെ ഉപേക്ഷിക്കാനാണ്.ഇസ്‌ലാമിനേയും മുസ്‌ലിങ്ങളെയും ഒരു നിലക്കും സഹായിക്കാത്ത കാര്യങ്ങളിൽ മുഴുകി അവരുടെ സമയം പാഴാവാതിരിക്കാൻ അതായിരിക്കും നല്ലത്.ഒരു മുസ്‌ലിം ചിന്തിക്കേണ്ടത് ഇസ്‌ലാമിന്റെയും മുസ്‌ലിങ്ങളുടെയും ഗുണത്തെ കുറിച്ചായിരിക്കണം.
- ജമാഅതുതബ്‌ലീഗ് ആവട്ടെ, ഇതാ അവരെക്കുറിച്ച് ബഹുമാന്യ സഹോദരൻ മുഹമ്മദ് ഇബ്നു അബ്ദിൽവഹാബ് വുസ്സാബീ എഴുതിയത്...

1. അവർ ദുർബലവും വ്യാജവുമായ ഹദീഥ്കളെ അവലംബമാക്കും.
2. അവരുടെ അടുത്ത് ധാരാളം ബിദ്അത്തുകൾ കാണാൻ സാധിക്കും.
3. തൌഹീദിലേക്കുള്ള ദഅ്വത്ത് ആളുകളെ അകറ്റുമെന്നു വാദിക്കുന്നു.
4. അതു പോലെ സുന്നത്തിലേക്കുള്ള ദഅ്വത്തും ആളുകളെ അകറ്റും എന്നവർ വാദിക്കുന്നു.
5. ഹുദൈദ- (യമനിലെ ഒരു തീരദേശ പട്ടണമാണ് ഹുദൈദ- വിവ.) യിലെ അവരുടെ നേതാവ് പറയുന്നു "ജനങ്ങളെ തമ്മിൽ അടുപ്പിക്കുന്ന ഒരു ബിദ്അത്താണ് അവരെ ഭിന്നിപ്പിക്കുന്ന ഒരു സുന്നത്തിനെക്കാൾ നല്ലത്".
6. അഹ്ലുസ്സുന്നത്തിനോട് അവർ ശത്രുത കാണിക്കുന്നു.
7. പ്രത്യക്ഷമായും പരോക്ഷമായും അവർ ജനങ്ങളെ വിജ്ഞാനത്തിൽ നിന്ന് നിരുൽസാഹപ്പെടുത്തുന്നു.
8. നൂഹ് നബിയുടെ കപ്പലിനോട് തങ്ങളെ ഉപമിച്ചു കൊണ്ട് അവരുടെ വഴിയല്ലാതെ ജനങ്ങൾക്ക് രക്ഷയില്ലെന്നു വാദിക്കുന്നു.
9. തൌഹീദുൽ ഉലൂഹിയ്യത്തിലോ അസ്മാഉ വസ്സ്വിഫാത്തിലോ യാതൊരു താൽപര്യവും അവർക്കില്ല.
10. അവർ ദീനീ പഠനത്തിൽ തീരെ തൽപരരല്ല.

- ഖുർആനും സുന്നത്തും മനസ്സിലാക്കുന്നതിൽ നാം മുഹദ്ദിസീങ്ങളായ പൂർവികരുടെ വ്യാഖ്യാനത്തെ അവലംബിക്കുന്നു. എന്നാൽ നാം അവരെ വ്യക്തിപരമായി തഖ്ലീദ് ചെയ്യുന്നുമില്ല. മറിച്ചു, സത്യം ആരുടെ കൂടെയാണെങ്കിലും നാം സ്വീകരിക്കുന്നു.സലഫിയ്യത്ത് അവകാശപ്പെടുന്ന എന്നാൽ സമൂഹത്തോട് യോജിക്കാനായി ഹറാമുകൾ ഹലാലാക്കുക വഴി സലഫിയ്യത്തുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകൾ ഇന്നുണ്ട് എന്ന് നാം മനസ്സിലാക്കുന്നു.(അബ്ദുറഹ്മാൻ അബ്ദുൽഖാലിഖിന്റെയും മുഹമ്മദ് സുറൂർന്റെയും പോലെ)
- നാം വിശ്വസിക്കുന്നത്, രാഷ്ട്രീയം ദീനിന്റെ തന്നെ ഒരു ഭാഗമാണ് എന്നാണ്.ദീനിനെ രാഷ്ട്രീയത്തിൽ നിന്ന് വേർപിരിക്കുന്നവർ ദീനിനെ തകർക്കാനും അരക്ഷിതാവസ്ഥ പരത്താനുമാണ് ശ്രമിക്കുന്നത്.അതു പോലെ തന്നെ, ഇന്ന് ചില മുസ്ലിം രാജ്യങ്ങളിൽ പ്രചരിച്ചിട്ടുള്ള- ദീൻ അല്ലാഹുവിനുള്ളതും രാജ്യം എല്ലാവർക്കുമുള്ളതുമാണ്- എന്ന വാദം ജാഹിലിയ്യത്താണ്. മറിച്ചു, എല്ലാം അല്ലാഹുവിന്റെതാണ്.
- മുസ്ലിമീങ്ങൾ അല്ലാഹുവിന്റെ കിതാബിലേക്കും റസൂലിന്റെ ചര്യയിലേക്കും മടങ്ങുന്നതു വരെ അവർക്ക് യാതൊരു പ്രതാപവും സഹായവും ഉണ്ടാകുകയില്ലെന്ന് നാം വിശ്വസിക്കുന്നു.

- ഇന്ന് കാണുന്ന പാർടികളെയെല്ലാം നാം വെറുക്കുന്നു. മതനിരാസകന്മാരായ കമ്മ്യൂണിസ്റ്റ് പാർടി, ബാത്ത് പാർടി, നാസിരീ പാർടി, സോഷ്യലിസ്റ്റ് പാർടി, അവിശ്വാസികളായ റാഫിദീ' പാർടി, എല്ലാത്തിനെയും. നമ്മുടെ വീക്ഷണത്തിൽ രണ്ടേ രണ്ടു പാർടികളെയുള്ളൂ. ഒന്ന്, 'അല്ലാഹുവിന്റെ പാർടി'- ദീനിലെ ഒരു കാര്യവും നിഷേധിക്കാതെ ഇസ്ലാം കാര്യങ്ങളും ഈമാൻ കാര്യങ്ങളും പുലർത്തുന്നവർ; രണ്ടാമത്തേത്, അല്ലാഹുവിന്റെ ശറഇനു എതിര് നിൽക്കുന്ന 'ശയ്ത്വാന്റെ പാർടി'!
- ദീനിനെ അടിസ്ഥാനം, ശാഖാപരം എന്നിങ്ങനെ വേർതിരിക്കുന്നവരെ നാം എതിർക്കുന്നു. അത് നാശകാരിയായ ഒരു വാദമായി നാം കാണുന്നു.
- ഹദീഥ് വിജ്ഞാനത്തിൽ നിന്ന് നിരുൽസാഹപ്പെടുത്തുന്നവരെ നാം എതിർക്കുന്നു. "ഇത് അതിനു പറ്റിയ കാലമല്ല"- എന്നൊക്കെ അവർ പറയും.അതു പോലെ, സുന്നത്തനുസരിച്ചു അ'മൽ ചെയ്യുന്നതിനെ നിരുൽസാഹപ്പെടുത്തുന്നവരെയും.
- നാം മുൻഗണനാക്രമത്തിനു പ്രാധാന്യം കൊടുക്കുന്നു. മുസ്ലിമീങ്ങൾ വിശ്വാസ സംസ്കരണത്തിനാണ് ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത്. പിന്നെ കമ്യൂണിസ്റ്റുകാരെ തുരത്തുന്നതിന്, പിന്നെ ബാത്ത് പാർടിയെ. ഇതൊന്നും തന്നെ ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഒന്നിക്കുന്നത് വരെ സാധ്യമാവുകയില്ല.
- നമ്മുടെ വീക്ഷണത്തിൽ റാഫിദി'യെയും ശീഇയെയും സൂഫിയെയും സുന്നിയെയും എല്ലാം ഉൾക്കൊള്ളുന്ന ഒരു സംഘടനക്ക് ശത്രുക്കളെ നേരിടാനാവില്ല.കാരണം, അതിനു ആദർശപരമായ പൊരുത്തവും സത്യസന്ധമായ സാഹോദര്യവും അനിവാര്യമാണ്.
- അല്ലാഹുവിലേക്ക് ദഅ്വത്ത് നടത്തുന്നവരെ വഹാബികളെന്നും ചാരന്മാരെന്നുമൊക്കെ വിളിക്കുന്നവരെ നാം എതിർക്കുന്നു.അവരുടെ ദുരുദ്ദേശം -അഥവാ, പൊതുജനങ്ങളെ പണ്ഡിതന്മാരിൽ നിന്ന് തടയുക- എന്നത് നാം മനസ്സിലാക്കുന്നുണ്ട്.
- നമ്മുടെ ദഅ്വത്തും ആദർശവും നമുക്ക് നമ്മുടെ സ്വന്തം ശരീരങ്ങളെക്കാളും സമ്പത്തിനെക്കാളും മക്കളെക്കാളും പ്രിയപ്പെട്ടതാണ്.സ്വർണത്തിനും വെള്ളിക്കും വേണ്ടി അതിനെ വിൽക്കാൻ നാം തയ്യാറല്ല.നാം ഇത് പ്രഖ്യാപിക്കുന്നത്, നമ്മുടെ ഈ ദഅ്വത്തിൽ ദുഷ്ടലാക്കുള്ള ഒരാൾക്കും താൽപര്യം തോന്നാതിരിക്കാൻ വേണ്ടിയാണ്.ദിർഹമും ദീനാറും തന്നു നമ്മെ ആകർഷിക്കാനാവുമെന്ന് അത്തരക്കാർ വിചാരിക്കാതിരിക്കാൻ വേണ്ടി. ഇപ്പോൾ തന്നെ രാഷ്ട്രീയക്കാർക്ക് ഇത് നന്നായി അറിയാം.അധികാരമോ പണമോ തന്നു നമ്മെ വിലക്കെടുക്കാൻ കഴിയില്ലെന്ന് അവർക്ക് പൂർണ്ണ വിശ്വാസമുണ്ട്.

- ഗവൺമെന്റ്കളെ അവയിലെ നന്മയ്ക്കനുസരിച്ചു നാം ഇഷ്ട്ടപ്പെടുകയും തിന്മക്കനുസരിച്ചു വെറുക്കുകയും ചെയ്യുന്നു. അവർക്കെതിരിൽ വിപ്ലവം നയിക്കാൻ പാടില്ല.അവരിൽ നിന്ന് വ്യക്തമായ 'കുഫ്റ്' സംഭവിച്ചതായി ബോധ്യപ്പെടുന്നത് വരെ.അത് തന്നെയും കഴിവുണ്ടാവുകയും കലാപം മുസ്‌ലിമീങ്ങൾ പരസ്പരം ആയിത്തീരാതിരിക്കുകയും ചെയ്യുമെങ്കിൽ മാത്രം.
- ഉപദേശവും നിർദേശങ്ങളും ആരിൽ നിന്നു വന്നാലും നാമത് സ്വീകരിക്കും.ശരിയും തെറ്റുമുള്ള, അറിവും അഞ്ജതയുമുള്ള വിദ്യാർഥികളാണ് നാം എന്ന് നാം തിരിച്ചറിയുന്നു.
- ആധുനികരായ സുന്നത്തിന്റെ ഉലമാക്കളെ നാം സ്നേഹിക്കുകയും അവരിൽ നിന്നും ഉപകാരമെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.അതോടൊപ്പം, അവരിൽ കുറേ ആളുകളുടെ ജുമൂദിനെപറ്റി നാം ദുഖിക്കുകയും ചെയ്യുന്നു.
- അല്ലാഹുവിന്റെ കിതാബിൽ നിന്നോ റസൂലിന്റെ സുന്നത്തിൽ നിന്നോ ഉള്ള തെളിവ് സഹിതമല്ലാത്ത ഫത്‌വകളൊന്നും നാം സ്വീകരിക്കുകയില്ല.
- ബഹുമാനം ഉദ്ദേശിച്ചു കൊണ്ട് ലെനിന്റെ കുഴിമാടം സന്ദർശിക്കുന്നതിൽ നാം ഭാരണാധികാരികളെ വിമർശിക്കുന്നു.
- ഇസ്‌ലാമിന്റെ ശത്രുക്കളുമായി -അവർ അമേരിക്കയായാലും ശരി, റഷ്യയായാലും ശരി-ഒന്നിക്കുന്നതിലും മുസ്‌ലിം ഭരണാധികാരികളെ നാം വിമർശിക്കുന്നു.
- അറബ് ദേശീയതയുടെയും പ്രാദേശികതയുടെയും വാദങ്ങളെ നാം ജാഹിലിയ്യ വാദങ്ങളായാണ് പരിഗണിക്കുന്നത്.ഈ വാദങ്ങളെല്ലാം മുസ്‌ലിമീങ്ങളുടെ പിന്നോക്കാവസ്ഥക്ക് കാരണമായിട്ടുണ്ട്.
- الله تعالى ഈ ദീനിനെ പുനരുജ്ജീവിപ്പിക്കാനായി നിയോഗിക്കുന്ന ഒരു മുജദ്ദിദിനെ നാം കാത്തിരിക്കുകയാണ്. കാരണം ഇമാം അബൂ ദാവൂദ് സുനനിൽ അബൂ ഹുറയ്റ رضي الله عنه വിൽ നിന്ന് ഉദ്ധരിച്ച ഹദീഥ്' ഇങ്ങനെയാണ്. റസൂൽ صلى الله عليه وسلم പറഞ്ഞു: "അല്ലാഹു ഈ ഉമ്മത്തിന് ഓരോ നൂറു വർഷത്തിന്റെ തുടക്കത്തിലും ദീനിനെ പുനരുജ്ജീവിപ്പിക്കുന്ന ഒരാളെ നിയമിക്കും." ഇന്ന് കാണുന്ന ഈ ഇസ്‌ലാമികമായ ഉണർവ് അതിനുള്ള ഒരുക്കമാവട്ടെ എന്ന് നാം ആഗ്രഹിക്കുകയും ചെയ്യുന്നു.

- മഹ്ദിയുടെയും ദജ്ജാലിന്റെയും ഹദീഥ്കളെ നിഷേധിക്കുന്നവരുടെ വഴികേടു നാം മനസ്സിലാക്കുന്നു.അത് പോലെ തന്നെ, ഈസ عليه السلام ന്റെ ഇറക്കത്തെ നിഷേധിക്കുന്നവരുടെയും. നാം ഉദ്ദേശിക്കുന്നത് റാഫിദി'കളുടെ- മഹ്ദിയല്ല.മറിച്ച്, പ്രവാചക കുടുംബത്തിൽ പെട്ട സുന്നിയായ ഒരു ഇമാമായിരിക്കും അയാൾ.ഭൂമിയിൽ അനീതിയും അക്രമവും നിറഞ്ഞതിനു ശേഷം അദ്ദേഹം നീതിയും സമാധാനവും നിറയ്ക്കും.

'സുന്നി'-യെന്നു നാം പ്രത്യേകം പറയുന്നു, കാരണം, മാന്യന്മാരായ സഹാബത്തിനെ കുറ്റം പറയൽ നീതിയല്ല.

- ഇതു നമ്മുടെ ദഅ്വത്തിനെയും അഖീദയെയും സംബന്ധിക്കുന്ന ഏതാനും കാര്യങ്ങളാണ്.ഇതെല്ലാം ദലീലുകൾ സഹിതം വിശദീകരിച്ചാൽ നീണ്ടു പോകും.ഇവയുടെ മിക്കവാറും തെളിവുകളെല്ലാം **المخرج من الفتنة** എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്.ആർക്കെങ്കിലും എന്തെങ്കിലും എതിരഭിപ്രായമുണ്ടെങ്കിൽ അയാൾ സത്യമാണ് പറയുന്നതെങ്കിൽ അതു സ്വീകരിക്കാനും, തെറ്റാണു പറയുന്നതെങ്കിൽ അവനുമായി സംവാദത്തിനും അഹങ്കാരിയാണെങ്കിൽ അവനെ അവഗണിക്കാനും നാം തയ്യാറാണ്. الله أعلم

അറിയുക, ഇത് നമ്മുടെ ആദർശത്തെയും ദഅ്വത്തിനെയും പൂർണമായും ഉൾക്കൊള്ളുന്നില്ല.നമ്മുടെ ദഅ്വത്ത് ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഖുർആനിലേക്കും സുന്നത്തിലേക്കും ഉള്ളതാണ്.അത് പോലെ തന്നെ ആദർശവും.

حسبنا الله ونعم الوكيل ولا حول ولا قوة إلا بالله